BRIDGE CONNECTING NETTUR AND KOMANTHURUTH—STEPS TAKEN

116. (339) മിസ്റ്റർ കെ. കെ. വിശ്വനാഥൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക ബഹു മാനപ്പെട്ട ഗവണ്മെണ്ട് ദയവായി മറുപടി പറയുമോ.—

(എ) നെട്ടൂർനിന്നും കോമന്തുരുത്തിലേക്കും കുണ്ടന്നൂരേക്കും ഒരോ പാലം വേണമെന്ന് ആ നാട്ടുകാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഗവണ്മെണ്ട് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ:

(എ) ഉണ്ട്.

(ബി) പ്രസ്തുത പാലങ്ങൾ തുപ്പുണിത്തുറെനിന്നും വില്ലിങ്ടൺ ദ്വീപിലേക്ക ഒരു റോഡ് ഉറക്കുന്ന പദ്ധതിയിൽ ചേർത്തിട്ടുണ്ട്. പ്രഥമാന്വേഷണത്തിൽ ഇപ്പോഴത്തെ നിരക്കനുസരിച്ച് എതാണ്ട് ഏന ലക്ഷം ഉറുപ്പിക ചിലവുവരുന്നതിനാലും പാലങ്ങൾക്കാവശ്യമായ ഇരുമ്പ് സാമഗ്രികൾ കിട്ടുവാൻ വളരെ പ്രയാസമുള്ളതിനാലും ഈ പദ്ധതി ഉടനെതന്നെ തുടങ്ങുവാൻ നിവത്തിയില്ലാതെയാണ് വന്നിരിക്കുന്നത്.

മിസ്റ്റർ കെ. കെ. വിശ്വനാഥൻ: ഏന ലക്ഷം രൂപ ചിലവു വരുമെന്ന പറഞ്ഞിട്ടുള്ളത് പാലം പണിക്ക മാത്രമല്ലല്ലോ, റോഡ് ഉൾപ്പടെയുള്ള പദ്ധതികൾക്കല്ലെ; പാലങ്ങൾക്കമാത്രം എത്ര രൂപ ചിലവുവരും?

മിസ്റ്റർ കെ. അയ്യപ്പൻ: നോട്ടീസുവേണം.

മിസ്റ്റർ പി. കെ. ഡീവർ: നെട്ടൂരും കോമന്തുരുത്തും തമ്മിലുള്ള പാലത്തിന്റെ കായ്മെങ്കിലും ഉടനെ ആലോചിക്കാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: വരുന്നകൊല്ലം ഈ കായ്മും ഗൗരവമായി ആലോചിക്കാം?

മിസ്റ്റർ പി. കെ. ഡീവർ: ചേപ്പനം, പനങ്ങാട് മുതലായ സ്ഥലങ്ങളിൽ നിന്നും ആളുകൾക്ക് നടന്നുവരാൻ നെട്ടൂരും കോമൻതുരുത്തുമായി ഒരു പാലം ഇത്രവണതന്നെ ഉണ്ടാക്കാൻ ആലോചിക്കാമോ എന്നാണ ചോദിക്കുന്നത്.

മിസ്റ്റർ കെ. അയ്യപ്പൻ: ഈ എട്ടുമാസത്തേക്കുള്ള ബഡ്ജറ്റ് തയ്യാറായിക്കഴിഞ്ഞതുകൊണ്ട് ഈ വു മാസത്തിനുള്ളിൽ ഇതു ചെയ്യാൻ സാധ്യമാണോ എന്നു ചോദിച്ചാൽ മറുപടി പറയുവാൻ വിഷമമുണ്ട്.

CHERAI INDUSTRIAL SCHOOL BUILDING—PURPOSE FOR WHICH IT IS USED NOW

117. (289) **Mr. K. A. Achuthan** (*Nominated*): Will Government be pleased to state.—

(*a*) what the Government are going to do with the building now left vacant consequent upon the abolition of the Cherai Industrial School?

Mr. P. Govinda Menon (*Minister for Finance and Law*):

(*a*) The school is proposed to be entrusted to a Co-operative Society. So the building will then be required for the use of the society.

മിസ്റ്റർ കെ. എ. അച്യുതൻ: ഏതു കോവാപ്പറേറീവു സൊസൈറ്റിക്കാണ് വിട്ടുകൊടുക്കാൻ പോകുന്നത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇന്ന സൊസൈറ്റിക്കാണെന്നു നിശ്ചയിച്ചിട്ടില്ല.

മിസ്റ്റർ ടി. പി. സീതാരാമൻ: ഇതുപോലെ നിർത്തലാക്കപ്പെട്ടിട്ടുള്ള മറെ സ്കൂളുകൾ ഏതെങ്കിലും സൊസൈറ്റികൾ ആവശ്യപ്പെട്ടാൽ കൊടുക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു അപ്പോഴത്തെ അവസ്ഥപോലെ തീരുമാനിക്കും.

മിസ്റ്റർ ടി. പി. സീതാരാമൻ: വേറെ ഏതെങ്കിലും അപേക്ഷകൾ വന്നിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസുവേണം.

മിസ്റ്റർ കെ. എ. അച്യുതൻ: ഈ സ്കൂൾ എന്താവശ്യത്തിലേക്കാണ് ആവശ്യപ്പെട്ടിട്ടുള്ളത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സൊസൈറ്റി ആവശ്യപ്പെട്ട എന്നാണ പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എ. അച്യുതൻ: സെക്രട്ടറിക്കു് കൊടുക്കാൻ പോകുന്നുവെന്നാണു് പത്രത്തിൽ റിപ്പോർട്ട് കണ്ടതു്. അതുകൊണ്ടാണു് എന്താവശ്യത്തിനാണു് എന്നറിവാൻ ആഗ്രഹിക്കുന്നതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെയാണു് ഗവണ്മെണ്ടു് ഓർഡർ.

മിസ്റ്റർ പി. കെ. ഡീവർ: ഏതെങ്കിലും സൊസൈറ്റിയുടെ അപേക്ഷ ഗവണ്മെണ്ടിന്റെ അലോചനയിൽ ഇരിക്കുന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: റിട്രെഞ്ച്മെൻറിനെ സംബന്ധിച്ചുള്ള അലോചനയിലാണു് ഇപ്പൊ വരുന്നതു്. അതാണു്. The Director of Industries and Commerce will entrust the Government Industrial School to co-operative Society (ഈ സ്കൂൾ ഒരു കോവാപ്പറേറ്റീവു് സൊസൈറ്റിയെ ഏല്പിക്കണമെന്നു്) and which will be acceptable to Government.

SUB-TREASURY AT MATTANCHERI—OPENING OF

118. (150) **Mr. K. W. Muralidhara Marar** *(Trippunittura):* Will Government be pleased to state.—

(*a*) whether there has been a representation regarding the necessity of opening a sub-treasury in Mattancheri;

(*b*) if so, what action the Government have taken in the matter?

Mr. P. Govinda Menon *(Minister for Finance and Law):*

(*a*) Yes.

(*b*) The question was considered but was finally decided to be put off.

മിസ്റ്റർ കെ. ഡബ്ലൂ. മുരളീധരമാരാർ: എന്താണു് put off ചെയ്യുവാൻ കാരണം.

മിസ്റ്റർ പി. ഗോവിന്ദമേനോൻ. ഇപ്പോഴത്തെ നിലയിൽ എറണാകുളത്തു ഒരു ട്രഷറിയുള്ളതുകൊണ്ടു് കൊച്ചിയിൽ ആവശ്യമില്ലെന്നുവെച്ചിട്ടാണു്.

മിസ്റ്റർ കെ. കെ. വിശ്വനാഥൻ. മട്ടാഞ്ചേരിയിൽ സെൻട്രൽ ബാങ്കിന്റെ ബ്രാഞ്ചുള്ളതുകൊണ്ടു് അവിടെ ട്രഷറി തുടങ്ങുവാൻ സൗകര്യമില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ട്രഷറി അവരെ ഏല്പിച്ചപ്പോൾ ചില പ്രത്യേക നിബന്ധനകൾ ചെയ്തിട്ടുണ്ടു്. അപ്പോൾ മട്ടാഞ്ചേരിയിൽ ട്രഷറി തുടങ്ങുകയാണെങ്കിൽ ഒരു സബ്ബു് ആഫീസ്സു് തുടങ്ങേണ്ട ചുമതലയുണ്ടു്. അതിനു് ചില പ്രാഥമിക ബുദ്ധിമുട്ടുകൾ ഉണ്ടു്.

APPELLATE INCOME-TAX TRIBUNAL—PROPOSAL REGARDING

119. (315) **Mr. K. W. Muralidhara Marar** *(Trippunittura):* Will Government be pleased to state.—

whether they intend to have an appellate Income-tax Tribunal?

Mr. P. Govinda Menon *(Minister for Finance and Law):*

The question is under the consideration of the Government.

PROFIT AND LOSS ACCOUNT—SUBMISSION OF—DETAILS REGARCING

120. (319) **Mr. K. W. Muralidhara Marar** *(Trippunittura):* Will Government be pleased to state.—

(*a*) whether any representations have been made to the Government regarding the submission of Profit and Loss account of foreign companies having branches in our State;

(*b*) are the Government aware that in the absence of such statement it has become impossible for adjudication Tribunals to fix the profits available for distribution to the employees?

Mr. P. Govinda Menon *(Minister for Finance and Law):*

(*a*) Yes.

(*b*) Yes.

മിസ്റ്റർ കെ. ഡബ്ലൂ. മുരളീധരമാരാർ: അതിനെപ്പറ്റി എന്തു നടപടി എടുത്തു.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നടപടിയൊന്നും എടുത്തിട്ടില്ല.

മിസ്റ്റർ കെ. ഡബ്ലൂ. മുരളീധരമാരാർ: വല്ലതും നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ലേബർ കോർട്ടിന്റെ ആവശ്യത്തിനും, അഡ്ജുഡിക്കേഷൻ ട്രിബ്യൂണലിന്റെ പ്രോഫിറ്റ് ആൻറ് ലോസ് അക്കൌണ്ടിന്റെ കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly